# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 13
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## അന്നമനട പരമേശ്വരമാരാർക്ക് ഔദ്യോഗിക ബഹുമതികളോടെ അന്ത്യാഞ്ജലി

അന്തരിച്ച പഞ്ചവാദ്യ കുലപതി അന്നമനട പരമേശ്വരമാരാർക്ക് സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ബഹുമതികളോടെ അന്ത്യാഞ്ജലി. കൊടകര കാവിൽനട ഹാളിൽ പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ മുഖ്യമന്ത്രി പിണറായി വിജയന് വേണ്ടി ജില്ലാ കളക്ടർ ടി വി അനുപമ റീത്ത് സമർപ്പിച്ചു. ഉച്ച 12 മണിയോടെ പോലീസ് ഗാർഡ് ഓഫ് ഓർണർ നൽകി. കേരള കലാമണ്ഡലം, കൊച്ചിൻ ദേവസ്വം ബോർഡ്, കേരള സംഗീത നാടക അക്കാദമി തുടങ്ങി നിരവധി സ്ഥാപനങ്ങൾക്ക് വേണ്ടി റീത്ത് സമർപ്പിച്ചു.

## മഴക്കെടുതി: ദുരിതാശ്വാസ ക്യാമ്പിൽ 734 പേർ

ജില്ലയിൽ മഴക്കെടുതി ഏറ്റവും രൂക്ഷമായ കൊടുങ്ങല്ലൂർ, ചാവക്കാട് താലൂക്കുകളിൽ മൂന്ന് ക്യാമ്പുകളിലായി വ്യാഴായ്ച (ജൂൺ 13) 734 പേർ. കൊടുങ്ങല്ലൂർ താലൂക്കിലെ രണ്ട് ക്യാമ്പുകളിൽ 196 കുടുംബങ്ങളിലായി 676 പേരും ചാവക്കാട് താലൂക്കിലെ ഏക ക്യാമ്പിൽ 23 കുടുംബങ്ങളിലാ യി 58 പേരുമാണ് കഴിയുന്നത്. കൊടുങ്ങല്ലൂർ താലൂക്കിൽ കടൽക്ഷോഭം രൂക്ഷമായ എറിയാട് വി ല്ലേജിൽ മാത്രം ദുരിതാശ്വാസ ക്യാമ്പിൽ 162 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. 362 പുരുഷന്മാരും 179 സ്ത്രീകളും 39 കുട്ടികളുമടക്കം 580 പേരാണ് ഇവിടെയുള്ളത്. മറ്റൊരു ക്യാമ്പായ എടവിലങ്ങ് വില്ലേജിൽ 34 കുടുംബങ്ങളിലായി 41 പുരുഷന്മാരും 33 സ്ത്രീകളും 22 കുട്ടികളുമടക്കം 96 പേരാ ണ് കഴിയുന്നത്.

എറിയാട് വില്ലേജിൽ കെ വി എച്ച് എസിലും എടവിലങ്ങ് വില്ലേജിൽ കാര സെന്റ് ആൽബ നയിലും വാടാനപ്പിള്ളിയിൽ കോട്ടകടപ്പുറം ജി എഫ് യു പി എസിലുമാണ് ക്യാമ്പ്. കഴിഞ്ഞ ദിവ സം 313 കുടുംബങ്ങളിലെ 1144 പേരാണ് ഈ മൂന്ന് ക്യാമ്പുകളിലായി കഴിഞ്ഞിരുന്നത്.

## കേരളതീരത്ത് ഉയർന്ന തിരമാലക്ക് സാധ്യത

14 ജൂൺ രാത്രി 11.30 വരെ കാസറഗോഡ് മുതൽ വിഴിഞ്ഞം വരെയുള്ള കേരള തീരത്ത് 3 മുതൽ 3.9 മീറ്റർ വരെ ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന കേന്ദ്രം അറിയിച്ചു. കേരള തീരത്തോട് ചേർന്ന് കിടക്കുന്ന സമുദ്ര പ്രദേശത്തും ഉയർന്ന തിരമാലക്ക് സാധ്യതയുണ്ട്. വേലിയേറ്റ സമയമായ രാവിലെ 7 മണി മുതൽ 10 മണി വരെയും വൈകീട്ട് 7 മണി മുതൽ 8 മണി വരെയും താഴ്ന്ന പ്രദേശങ്ങളിൽ ജലനിരപ്പുയരാനും കടൽക്ഷോഭമുണ്ടാകാനും സാധ്യതയുണ്ട്. തീരദേശ വാസികൾ ജാഗ്രത പാലിക്കണം. പടിഞ്ഞാറ് ദിശയിൽ നിന്ന് മണിക്കൂറിൽ 35 മുതൽ 50 കിലോമീറ്റർ വേഗതയിൽ കേരള തീരത്തേക്ക് കാറ്റ് വീശാൻ സാധ്യതയുണ്ട്. മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നു അറിയിച്ചു.

## ഉപതെരഞ്ഞെടുപ്പ് :
## സമ്പൂർണ്ണ മദ്യനിരോധനം

ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡായ കിള്ളിമംഗലം പടിഞ്ഞാറ്റുമുറി, കോലഴി ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡായ കോലഴി നോർത്ത്, പൊയ്യ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡായ പൂപ്പത്തി വടക്ക്, തളിക്കുളം ബ്ലോക്ക് പഞ്ചായത്തിലെ ചേറ്റുവ ഡിവിഷൻ എന്നി നിയോജകമണ്ഡലങ്ങളുടെ പരിധിയിൽ ജൂൺ 25 വൈകീട്ട് അഞ്ച് മണി മുതൽ ജൂൺ 27 വൈകീട്ട് അഞ്ച് മണി വരെയും വോട്ടെണ്ണൽ ദിനമായ ജൂൺ 28 നും സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ ഉത്തരവിട്ടു.

ഈ നിയോജകമണ്ഡലങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപങ്ങൾക്കും പോളിങ് സ്റ്റേഷനുകളായി നിർണ്ണയിച്ച വിദ്യാഭ്യാസ സ്ഥാപങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഉപതിരഞ്ഞെടുപ്പ് ദിവസമായ ജൂൺ 27 ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. മേൽ പറഞ്ഞ വാർഡിൽ വോട്ടവകാശം ഉള്ളവരും എന്നാൽ വാർഡിനു പുറത്തുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുമായ വോട്ടർമാർക്ക് അവരുടെ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സൗകര്യം ചെയ്തുകൊടുക്കേണ്ടതാണെന്നും അറിയിച്ചു.

## ചുമതലയേറ്റു

തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസറായി ബി.സേതുരാജ് ചുമതലയേറ്റു. ഇന്നസെന്റ് എം..പിയുടെ സെക്രട്ടറി, സിവിൽ സപ്ലൈസ് കോർപ്പറേഷൻ പി. ആർ.ഒ, കാസർകോട് ജില്ലാ അസിസ്റ്റൻറ് ഇൻഫർമേഷൻ ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നേരത്തെ കൈരളി ടി.വി യിൽ മാധ്യമ പ്രവർത്തകനായിരുന്നു. കൊച്ചി ബ്യൂറോ ചീഫ്, മധ്യകേരള കോ-ഓർഡിനേറ്റിംഗ് എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചു.

## ആർഎസ്ബിവൈ കാർഡ് പുതുക്കൽ

കൊടുങ്ങല്ലൂർ നഗരസഭയിലെ ലോകമലേശ്വരം വില്ലേജിൽ താമസിക്കുന്നവർക്ക് ആർഎസ്ബിവൈ കാർഡ് പുതുക്കി നൽകുന്നു. ജൂൺ 17 രാവിലെ 10 മണി മുതൽ നഗരസഭ ടൗൺ ഹാളിൽ കാർഡ് പുതുക്കൽ ആരംഭിക്കും. നഗരസഭയിലെ 1 മുതൽ 7 വരെയും 17, 42, 43, 44 വാർഡുകളിലുള്ളവർക്കും ഈ കേന്ദ്രത്തിൽ കാർഡ് പുതുക്കി നൽകും.

## ഹാഫ് വേ ഹോം:
## എൻജിഒകൾക്ക് അപേക്ഷിക്കാം

സംസ്ഥാനത്ത് മാനസികരോഗാശുപത്രികളിൽ നിന്നും വിടുതൽ ചെയ്യുന്ന മാനസികരോഗമുക്തരായവർക്ക് വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിനും മെച്ചപ്പെട്ട സാമൂഹിക ജീവിതം സാധ്യമാക്കുന്നതിനായി ആരംഭിക്കുന്ന ഹാഫ് വേ ഹോമുകളുടെ നടത്തിപ്പിന് തൽപരരായ എൻജിഒകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രോജക്ട്, അപേക്ഷഫോം, മറ്റ് വിശദാംശങ്ങൾ എന്നിവ www.swd.kerala.gov.in. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ, രണ്ട് പകർപ്പുകൾ സഹിതം വേണം. അപേക്ഷയുടെ പുറം കവറിൽ ഹാഫ് വേ ഹോം പ്രോജക്ടിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തണം. സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 20.

## പ്രത്യാശ പ്രോജക്ട്:
## എൻജിഒകൾക്ക് അപേക്ഷിക്കാം

ക്ഷേമസ്ഥാപനങ്ങളിലെ അന്യസംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് എൻജിഒകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രോജക്ട്, അപേക്ഷഫോം, മറ്റ് വിശദാംശങ്ങൾ എന്നിവ www.swd.kerala.gov.in. എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ, രണ്ട് പകർപ്പുകൾ സഹിതം വേണം. അപേക്ഷയുടെ പുറം കവറിൽ പ്രത്യാശ പ്രോജക്ടിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തണം. സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 20.

## ട്രാൻസ്പോർട്ടിങ് കോൺട്രാക്ടർമാരെ നിയമിക്കുന്നു

റേഷൻ വിതരണത്തിനുള്ള ട്രാൻസ്പോർട്ടിങ് കോൺട്രാക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി ആരംഭിച്ചതായി സപ്ലൈകോ റീജ്യണൽ മാനേജർ അറിയിച്ചു. വിശദവിവരങ്ങൾക്ക് ബന്ധപ്പെട്ട ഡിപ്പോ മാനേജർമാരുമായി ബന്ധപ്പെടണം.

## എൽജിഎസ് സൈക്കിൾ ടെസ്റ്റ്

വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ എൽജിഎസ് (കാറ്റഗറി നമ്പർ 113/17) തസ്തികയിലേക്ക് 2019 ഏപ്രിൽ 20 ന് പ്രസിദ്ധീകരിച്ച സാധ്യതാപട്ടികയിൽ ഉൾപ്പെട്ട തൃശൂർ ജില്ലക്കാരായ പുരുഷ ഉദ്യോഗാർത്ഥികളുടെ സൈക്ലിങ് ടെസ്റ്റ് ജൂൺ 18, 19 തീയതികളിൽ രാവിലെ 7.30 ന് തൃശൂർ ടൗൺഹാൾ കോമ്പൗണ്ടിലും തുടർന്ന് പ്രമാണ പരിശോധന തൃശൂർ പിഎസ്സി ഓഫീസിലും നടത്തും. ഉദ്യോഗാർത്ഥികൾ ഇത് സംബന്ധിച്ച് മെസേജ്, പ്രൊഫൈൽ മെസേജ് എന്നിവ അയച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേണ്ടതാണ്.

## പോലീസ് പരാതി അതോറിറ്റി
## സിറ്റിങ് മാറ്റി

ജൂൺ 17, 18 തീയതികളിൽ തൃശൂർ കളക്ടറേറ്റിൽ നടത്തുവാൻ നിശ്ചയിച്ച ജില്ലാ പോലീസ് പരാതി അതോറിറ്റിയുടെ സിറ്റിങ് മറ്റൊരു തീയതിയിലേക്ക് മാറ്റി വെച്ചു. മാറ്റി വെച്ച തീയതി പിന്നീടറിയിക്കും.

## എൻറോൾമെന്റ് ക്യാമ്പ്

തൃശൂർ കോർപ്പറേഷൻ പരിധിയിലെ ആയുഷ്മാൻ ഭാരത് / കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ എൻറോൾമെന്റ് ക്യാമ്പ് നാല് കേന്ദ്രങ്ങളിലായി നടക്കും. 2018-19 വർഷം വരെ സാധുതയുള്ള ആർഎസ്ബിവൈ കാർഡുള്ളവർക്കും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രധാനമന്ത്രിയുടെ കത്ത് ലഭിച്ചവർക്കും ക്യാമ്പിൽ എൻറോൾ ചെയ്യാം. പദ്ധതിയിൽ എൻറോൾ ചെയ്യാൻ എത്തുന്ന കുടുംബത്തിലെ ഒരംഗം അവരുടെ റേഷൻ കാർഡ്, ആധാർ കാർഡ്, 2018-19 വർഷം വരെ സാധുതയുള്ള ആരോഗ്യ ഇൻഷൂറൻസ് കാർഡ്, രജിസ്ട്രേഷൻ ഫീസായ 50 രൂപ എന്നിവയുമായി കേന്ദ്രത്തിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോർപ്പറേഷനിലെ കുടുംബശ്രീയുമായി ബന്ധപ്പെടണം. എൻറോൾമെന്റ് കേന്ദ്രം, തീയതി യഥാക്രമം. അയ്യന്തോൾ സോണൽ ഓഫീസ് ഹാൾ, പെരിങ്ങാവ് കോർപ്പറേഷൻ കമ്മ്യൂണിറ്റി ഹാൾ-ജൂൺ 15 വരെ, കൂർക്കഞ്ചേരി, കൊക്കാല കമ്മ്യൂണിറ്റി ഹാൾ-ജൂൺ 16 മുതൽ 22 വരെ. ഫോൺ : 9388226731, 7736221647.

# സൗജന്യ യൂണിഫോം : ജില്ലയിൽ 2.85 ലക്ഷം മീറ്റർ തുണി വിതരണം ചെയ്തു

ജില്ലയിൽ സർക്കാർ, എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് 2,85, 616 ലക്ഷം മീറ്റർ സൗജന്യ കൈത്തറി യൂണിഫോം തുണി വിതരണം ചെയ്തതായി ജില്ലാ വ്യവസായ കേന്ദ്രം അറിയിച്ചു. 526 സ്കൂളുകളിലെ കുട്ടികൾക്കാണ് സൗജന്യമായി യൂണിഫോം തുണി വിതരണം ചെയ്തത്. ഗവ. സ്കൂളുകളിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലുള്ളവർക്കും എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ നാലുവരെ ക്ലാസുകളിലുള്ളവർക്കുമാണ് സൗജന്യ യൂണിഫോം തുണി നൽകിയത്. ജില്ലകളിലെ 12 ഉപജില്ലകൾ വഴിയാണ് യൂണിഫോം വിതരണം നടത്തിയത്. ജില്ലയിൽ 12 കൈത്തറി സംഘങ്ങൾ 81 തറികളിലായാണ് തുണികൾ നെയ്തെടുത്തത്. ജില്ലാ വ്യവസായ വകുപ്പും വിദ്യാഭ്യാസ വകുപ്പും നടപ്പിലാക്കുന്ന സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയുടെ വിതരണ ചുമതല ഹാൻവീവാണ് നിർവഹിച്ചത്.

ജില്ലയിലെ കുത്താമ്പുള്ളി, എരവത്തൊടി, തിരുവില്വാമല, കൊണ്ടാഴി, ഗാന്ധി, ചൂണ്ടൽ, തളിക്കുളം, അന്തിക്കാട്, കൊടുങ്ങല്ലൂർ, നടവരമ്പ്, ചേർപ്പ്, പൊയ്യ എന്നിവിടങ്ങളിലെ കൈത്തറി സംഘങ്ങളിലെ 200 ഓളം നെയ്ത്തുകാരാണ് യൂണിഫോം തയ്യാറാക്കിയത്. യൂണിഫോം തുണി നിർമ്മിക്കുന്നതിനുള്ള നൂൽ കേരളത്തിലെ സ്പിന്നിങ് മില്ലുകളിൽ നിന്ന് ശേഖരിച്ച് സൗജന്യമായാണ് കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിയത്. ജില്ലയിലെ ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർമാർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് തൊഴിലാളികളിൽ നിന്ന് നൂൽ ഏറ്റെടുത്തത്. 2018 ജൂൺ ഒന്നു മുതൽ 2019 മെയ് 31 വരെയാണ് യൂണിഫോം നെയ്തതെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡോ. കെ. എസ് കൃപകുമാർ അറിയിച്ചു.

# വാഹനം ആവശ്യമുണ്ട്

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കൊടകര അഡീഷണൽ ഐസിഡിഎസ് പ്രോജക്ടിൽ 2019-20 സാമ്പത്തിക വർഷം ഓഫീസ് ആവശ്യത്തിന് കരാർ വ്യവസ്ഥയിൽ വാഹനം ഓടിക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 18 ഉച്ച 2. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0480-2727990.

# ക്ഷേമനിധി കുടിശ്ശിക പുതുക്കാം

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി കുടിശ്ശിക ഒടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 2019 ഫെബ്രുവരി 23 മുതൽ ആഗസ്റ്റ് 22 വരെ ആറു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു കൊണ്ട് കേരള സർക്കാർ ഉത്തരവായി. എല്ലാ തൊഴിലുടമകളും നിശ്ചിത സമയപരിധിക്കുള്ളിൽ ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ച് കുടിശ്ശിക ഒടുക്കി അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചു. ഫോൺ : 0487-2364900.

# കൊടുങ്ങല്ലൂരിൽ കായച്ചന്ത തുറന്നു

കൊടുങ്ങല്ലൂർ കോട്ടപ്പുറം ചന്തയിൽ നഗരസഭ നിർമ്മിച്ച കായച്ചന്ത ജനങ്ങൾക്ക് തുറന്നു കൊടുത്തു. ഒരു ദശാബ്ദത്തിലേറെയുള്ള ജനങ്ങളുടെ ആവശ്യമാണ് ഇതിലൂടെ യാഥാർത്ഥ്യമായത്. ചന്തയുടെ കിഴക്കുഭാഗത്ത് ഇറച്ചി, ഉണക്കമീൻ കച്ചവടങ്ങൾ നടന്നിരുന്ന ഭാഗത്താണ് ചന്ത നിർമ്മിച്ചിട്ടുള്ളത്. മേത്തല പഞ്ചായത്ത് ഉണ്ടായിരുന്ന കാലത്ത് വാങ്ങിയ 25 സെന്റ് സ്ഥലവും ഇവിടെ ഉണ്ടായിരുന്ന 30 സെന്റ് സ്ഥലവും ചേർത്ത് 60 സെന്റ് സ്ഥലത്താണ് കായച്ചന്ത. ചന്തയ്ക്ക് ചുറ്റും സംരക്ഷണഭിത്തികൾ കെട്ടി വലിയ വാഹനങ്ങൾക്ക് വരാവുന്ന വിധത്തിൽ മെറ്റലും കരിങ്കൽ പൊടിയും അടിച്ച് ഉറപ്പിച്ചിട്ടുണ്ട്.

കായചന്തയുടെ ഉദ്ഘാടനം നഗരസഭ ചെയർമാൻ കെ.ആർ.ജൈത്രൻ നിർവ്വഹിച്ചു. ചന്തയോട് ചേർന്ന ടാറിട്ട പൊതുമരാമത്ത് വകുപ്പിന്റെ റോഡിൽ കച്ചവടം

അനുവദിക്കുന്നതല്ലെന്നും പുരാതനമായ കോട്ടപ്പുറം ചന്ത പുനർനിർമ്മിക്കുന്നതിനും ആധുനിക രീതിയിലുള്ള മത്സ്യ മാർക്കറ്റ് ഉൾപ്പെടെ സജ്ജീകരിക്കുന്നതിനും വിശദമായ പദ്ധതി രേഖ സർക്കാരിലേക്ക് സമർപ്പിക്കുമെന്നും ചെയർമാൻ പറഞ്ഞു. നഗരസഭ കൗൺസിലർ കെ. എസ്. കൈസാബ് അദ്ധ്യക്ഷത വഹിച്ചു. തങ്കമണി സുബ്രഹ്മണ്യൻ, എം.കെ.സഹീർ, ഷീല രാജ് കമൽ, കെ.പി.ശോഭ, ഗീത ടീച്ചർ, പ്രിൻസി മാർട്ടിൻ, എം.എസ് വിനയകുമാർ, അബ്ദുൾ ഖയ്യൂം, ജോമോൻ എന്നിവർ സംസാരിച്ചു.

## തൊഴിലാളികൾക്ക് ഇരിപ്പിടം: വസ്ത്രവാണിജ്യ സ്ഥാപനങ്ങളിൽ വ്യാപക പരിശോധന നടത്തി

വസ്ത്രവാണിജ്യ സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യം ലഭ്യമാക്കണമെന്ന തൊഴിൽ വകുപ്പ് മന്ത്രിയുടെ ഉത്തരവ് നടപ്പിലാക്കുന്നത് പരിശോധിക്കുന്നതിനായി പരിശോധന നടത്തി. ലേബർ കമ്മീഷണറുടെ നിർദ്ദേശാനുസരണം ജില്ലാ ലേബർ ഓഫീസ (എൻഫോഴ്സ്മെന്റ്) റുടെ നേതൃത്വത്തിൽ വസ്ത്ര വിൽപ്പനശാലകളിലും ജ്യൂവല്ലറികളിലുമായിരുന്നു പരിശോധന. ജീവനക്കാർക്ക് ഇരിപ്പിട സൗകര്യം നൽകാത്ത തൊഴിലുടമകൾക്ക് കർശന നിർദ്ദേശവും അപാകതകൾ പരിഹരിക്കുന്നതിന് ഉത്തരവും നൽകി. കണ്ടെത്തിയ അപാകതകൾ പരിഹരിക്കാത്ത പക്ഷം തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) അറിയിച്ചു.

അവസാനിച്ചു